"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 4217-60-051-91 ശീർഷകത്തിൻ കീഴിൽ വരുന്ന 'Construction of building for the newly formed Municipalities'എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.258/2026/LSGD തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 4/1/2026 ലെ LSGD/PD/68767/2023-SPL1 നമ്പർ കത്ത്
2. വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റിയുടെ 16/1/2026 ലെ യോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 4217-60-051-91 ശീർഷകത്തിൻ കീഴിൽ വരുന്ന 'Construction of building for the newly formed Municipalities'എന്ന പദ്ധതിയ്ക്ക് 160 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക ' Koduvally Municipal Office building construction' ന് വിനിയോഗിക്കാമെന്ന് തീരുമാനിച്ചെങ്കിലും Koduvally Municipal Office building construction' പ്രവൃത്തി യുമായി ബന്ധപ്പെട്ട് കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാൽ ആരംഭിക്കാൻ കഴിയാത്തതിനാൽ പ്രസ്തുത തുക മാനന്തവാടി മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി നൽകണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.പ്രസ്തുത ശിപാർശ 16/1/2026 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി പരിഗണിച്ച് അംഗീകാരം നൽകുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ 16/1/2026 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2025-26 വാർഷിക പദ്ധതിയായ 'Construction of building for the newly formed Municipalities' എന്നതിന് കീഴിൽ വരുന്ന ' Mananthawady Municipal Office Building construction 'എന്ന പ്രവൃത്തിയ്ക്ക് 4217-60-051-91 ശീർഷകത്തിൽ നിന്നും 160 ലക്ഷം രൂപ( നൂറ്റി അറുപത് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,

2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ജില്ലാ ട്രഷറി ഓഫീസർ,വയനാട്
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്/ എ& ഇ). തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്
6. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
7. തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്,
8. ഇൻ്ഫർമേഷൻ് ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
9. ചീഫ് ഇൻഫർമേഷൻ ഓഫീസർ, ഇൻ്ഫർമേഷൻ കേരള മിഷൻ
10. ഓഫീസ് കോപ്പി- DB1/18/2026-LSGD

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 02-02-2026 17:16:13